(എ) കാർഷിക മേഖലയിൽ ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര യുവാക്കൾ അംഗത്വം എടുത്തിട്ടുണ്ട്;

(സി) ഈ പദ്ധതി പ്രകാരം മരണമടഞ്ഞ അംഗങ്ങൾക്ക് ആനുകൂല്യത്തിനുവേണ്ടിയുള്ള അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നുണ്ടോ;

(ഡി) എങ്കിൽ എത്ര അപേക്ഷകൾ;

(ഇ) ഇവ തീരുമാനമാക്കുന്നതിന് കാലതാമസമുണ്ടാക്കുന്നത് എന്തുകൊണ്ടാണ്;

(എഫ്) ഈ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,04,213 പേർ

(സി),(ഡി)&(ഇ) ഇല്ല. 114 എണ്ണത്തിൽ തീരുമാനമെടുക്കുകയും ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി 75 അപേക്ഷകളിന്മേൽ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) പദ്ധതി നിറുത്തലാക്കിയിട്ടില്ല.

96 (1062) വിള ഇൻഷ്വറൻസ് സ്കീം

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് സ്കീമിൽ എത്ര വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട്; അവ ഏതെല്ലാമാണ്;

(ബി) ഈ പദ്ധതിയിൽ കൂടുതൽ വിളകളെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചെറുകിട കർഷകരെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് സ്കീമിൽ 25 കാർഷിക വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, പുകയില, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു,

LIBRARY ARCHIVES Kerala Legislative Assembly

വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, നെല്ല് എന്നീ വിളകൾക്കാണ് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പദ്ധതിയിൽ കൂടുതൽ വിളകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(സി) ചെറുകിട കർഷകർക്ക് ഇപ്പോൾ തന്നെ ഈ പദ്ധതിയിൽ അംഗമാകാം.

97 (1033) കാർഷിക ഇൻഷ്വറൻസ് പദ്ധതി

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചു എന്നത് അറിയിക്കുമോ;

(ഡി) അപേക്ഷാഫാറം ലഭിക്കാത്തതുകൊണ്ടും ഇതിനെക്കുറിച്ച് അറിയാത്തതുകൊണ്ടും ധാരാളം കൃഷിക്കാർക്ക് അപേക്ഷിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കർഷക സംഘടനകളുമായി കൂടിയാലോചന നടത്താൻ ഉദ്ദേശമുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകരുടെ ക്ഷേമം മുൻനിർത്തി കർഷക രക്ഷാ പദ്ധതി എന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. 18-നും 70-നും മദ്ധ്യേ പ്രായമുള്ള 10 ലക്ഷം കർഷകർക്ക് അംഗത്വം നൽകുന്നതാണ്. രണ്ട് ഹെക്ടർവരെ കൃഷിഭൂമി കൈവശമുള്ള കൃഷി.ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്ക് അംഗത്വം ലഭിക്കും. പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

1. എല്ലാ വിധ അപകടമരണവും	ഒരു ലക്ഷം രൂപ
2. പൂർണ്ണമായ അംഗവൈകല്യം	ഒരു ലക്ഷം രൂപ
3. രണ്ടു കാലുകൾ/കൈകൾ/ കണ്ണുകൾ നഷ്ടം	ഒരു ലക്ഷം രൂപ
4. ഒരു കൈ/കാൽ/കണ്ണ് നഷ്ടം	50,000 രൂപ
5. അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം	5,000 രൂപ വീതം
6. അപകടത്തിൽ മരിക്കുന്ന അംഗ	

LIBRARY ARCHIVES Kerala Legislative Assembly